പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2838.

20.06.2013 ൽ മറുപടിക്ക്

## ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ, മുഹമ്മദുണ്ണി ഹാജി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗുണനിലവാരമുള്ളവ മാത്രമേ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും വിട്ടെടുക്കാവൂ എന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗോഡൗണുകളിൽ നിന്നും ധാന്യങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നു. ഭക്ഷ്യസാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന സ്റ്റോക്ക് വിതരണത്തിന് മുൻപ് എഫ്.സി.ഐ.യിലെ ക്വാളിറ്റി പരിശോധനാ ഉദ്യോഗസ്ഥർ, ജില്ലാ സപ്ലൈ ആഫീസർ എന്നിവർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു. എ.ആർ.ഡി/എ.ഡബ്ല്യൂ.ഡി.കളിൽ സാമ്പിൾ വിതരണ രജിസ്റ്റർ സൂക്ഷിക്കുകയും സാമ്പിൾ വിതരണം നടത്തുന്നത് പ്രസ്തുത രജിസ്റ്ററിൽ ഒപ്പിട്ടു വാങ്ങുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ ; | (ബി) & (സി) | ഉണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ മുഖാന്തിരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി ഉറപ്പു വരുത്താൻ ആവശ്യമായ നടപടി ക്രമം നിലവിലുണ്ട്. എഫ്.സി.ഐ.യുടെ ഗുണനിലവാര പരിശോധനാ വിഭാഗം പരിശോധിച്ച ശേഷമാണ് സ്റ്റോക്ക് വിതരണത്തിന് തയ്യാറാക്കുന്നത്. കൂടാതെ ഫുഡ് കോർപ്പറേഷന്റെ എല്ലാ ജില്ലാതല ഓഫീസുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എഫ്.സി.ഐ.യിൽ നിന്നും വിതരണം ചെയ്യുന്ന അരിയും, ഗോതമ്പും ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പാക്കാനും എഫ്.സി.ഐ.യിൽ സൂക്ഷിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ ഗുണനിലവാരം ഉള്ളതെന്ന് ബോദ്ധ്യമുള്ളവ മാത്രം വിതരണത്തിനായി തിരഞ്ഞെടുക്കുവാനും ജില്ലാ സപ്ലൈ ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ പ്രാവശ്യവും വിതരണം നടത്തുന്നതിന് മുൻപ് പരിശോധന നടത്തുന്നുണ്ട്. |
| (സി) | കഴിഞ്ഞ വർഷം എത്ര പരിശോധനകൾ ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ